# പെട്രോൾ പമ്പുകൾ എന്ന ദൗർബ്ബല്യം

സുകുമാർ ക്രർക്കഞ്ചേരി

ഒരു മാമ്പഴം വീണാൽ മാവിൻ ചോട്ടിലേക്ക് ഓടിയെത്താൻ കുട്ടിക്കാലത്ത് നാം മത്സരിച്ചിട്ടില്ലേ? എല്ലാവർക്കും കിട്ടണമെന്നുണ്ടായാലും ആദ്യം മാമ്പഴം കൈക്കലാക്കുന്നവനെയല്ലേ നാം മിടുക്കനെന്നു പറയാറുള്ളത്? മകനോ മകൾക്കോ കോളേജ് പ്രവേശനത്തിനു വേണ്ടി എം.എൽ.എയെക്കൊണ്ടോ മന്ത്രിയെക്കൊണ്ടോ കളക്ടറെക്കൊണ്ടോ നാം ശുപാർശ ചെയ്യിക്കാറില്ലേ? മാനേജ്മെന്റ് ക്വാട്ടക്ക് അപേക്ഷകർ ഏറെയാണെന്നു കാണുമ്പോൾ ശുപാർശയുടെ കനം കൂട്ടാനുള്ള വഴികൾ തേടി നാം പരക്കം പായാറില്ലേ?

സിനിമയ്ക്കു ക്യൂ നിൽക്കുമ്പോഴോ റേഷൻ കാർഡ് വാങ്ങാൻ നിൽക്കുമ്പോഴോ വരി തെറ്റിച്ച് ഒരാൾ മുന്നിൽ വന്നു നിന്നാൽ നാം അസഹിഷ്ണുത കാട്ടാറില്ലേ? ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികളിൽ സർവ്വഥാ അർഹനായ ഒരാൾ നമ്മെക്കാൾ മിടുക്കനെന്നു ബോദ്ധ്യപ്പെട്ടാലും ഉദ്യോഗം അയാൾക്കു കൊടുത്തോട്ടെ എന്നു നാം വിചാരിക്കാറുണ്ടോ?

രാജ്യത്ത് പെട്രോൾ പമ്പുകളും ഗ്യാസ് ഏജൻസികളും വിതരണം ചെയ്തതിൽ വ്യാപകമായ അഴിമതിയും സ്വജനപക്ഷപാതവും നടന്നതായി അടുത്തയിടെ പത്രങ്ങളിൽ കണ്ടപ്പോൾ ഇതൊക്കെ ചിന്തിച്ചുപോയി. എന്തിനാണ് ഈ വക ഏജൻസികളുടെ കാര്യത്തിൽ ആവശ്യക്കാർ ഇത്ര നിർബന്ധം പിടിക്കുന്നതും ഏതു വിധേനയും അവ കൈക്കലാക്കാൻ പാടുപെടുന്നതും? മറ്റൊന്നുമല്ല. അധികം അദ്ധ്വാനിക്കാതെ ലാഭം കൊയ്യാനുള്ള സൂത്രം. രാജ്യത്ത് എത്രയോ കിടക്കുന്നു മറ്റു നിരവധി ഏജൻസികളും വിതരണശൃംഖലകളും. അവയ്ക്കൊന്നും വേണ്ടി ഒരാളും ആരുടെയും പിറകെ നടന്നു കാണാറില്ല. എളുപ്പത്തിൽ പണമുണ്ടാക്കാനും അങ്ങനെ മിടുക്കനാകാനുമുള്ള വിദ്യ എവിടെ തെളിഞ്ഞു കാണുന്നോ അവിടെയാണെപ്പോഴും ആദർശശാലികളുടെ തിക്കും തിരക്കും.

വിഷയത്തിലേക്കു വരാം. പെട്രോളിയം മന്ത്രാലയമാണ് രാജ്യത്ത് പമ്പുകളും ഗ്യാസ് ഏജൻസികളും അനുവദിക്കുന്നത്. ഭരണപക്ഷത്തുള്ള മന്ത്രിമാർക്കും അവരുടെ ബന്ധുക്കൾക്കും അതൊക്കെ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാവുക സ്വാഭാവികം. പ്രതിപക്ഷത്തിന്റെ വായടയ്ക്കാൻ അവർക്കും വെച്ചു നീട്ടിയെന്നിരിക്കും കറച്ചൊക്കെ. എന്തു തന്നെയായാലും ഉന്നതങ്ങളിൽ സ്വാധീനമില്ലാത്തവന് വിധിച്ചിട്ടുള്ളതല്ല ഇതൊന്നും. പ്രധാന ഭരണകക്ഷിയിൽ പെട്ടവർക്ക് ഇത്രയെണ്ണം അനുവദിച്ചു. ഘടകകക്ഷികൾക്ക് ഇത്ര ലഭിച്ചു. 'എ'യ്ക്ക് ഇത്ര. 'ബി'യ്ക്ക് അത്ര. പ്രതിപക്ഷക്കാർക്ക് ഇത്ര കിട്ടി. എം.പിമാരും എം.എൽ.എമാരും ഇത്ര പേർക്ക് ശുപാർശ ചെയ്തു. ഏതോ മന്ത്രിയുടെ ഭാര്യക്കും ശ്വശുരനും കിട്ടി. ഭാര്യാമാതാവിന്റെ വീട്ടുജോലിക്കാരിക്കും പോയി മറ്റൊരു ശുപാർശ. (മരിക്കും വരെ ഇതേ വീട്ടിൽ തന്നെ വേലയ്ക്കു നിന്നോളാമെന്ന് എഴുതിവാങ്ങിച്ചതിനുള്ള കൂലിയാവാം.) ചുരുക്കത്തിൽ സർക്കാറിന്റെ പമ്പുകളും ഏജൻസികളുമെല്ലാം സർക്കാറിന്റെ നെടുംതൂണുകൾ തന്നെ തമ്മിൽ തമ്മിൽ വീതിച്ചെടുത്തു എന്നർത്ഥം.

രസാവഹമായ മറ്റൊരു കാര്യം അഴിമതി കണ്ട് ധാർമ്മിക രോഷം പൂണ്ട സഭാ പ്രതിനിധികൾ ബഹളം വച്ച് പാർലിമെന്റ് സ്തംഭിപ്പിച്ചു എന്നതാണ്. ഇവർക്കൊക്കെ സ്വന്തമായോ ബന്ധുക്കളുടെ പേരിലോ മുമ്പേത്തന്നെ പമ്പുകളും ഏജൻസികളും കിട്ടിയിരുന്നു എന്നും പത്രങ്ങൾ വെളിപ്പെടുത്തുന്നു. ഈയൊരു ചെറിയ വിഷയം മൂലം മറ്റു പ്രധാനപ്പെട്ട വിഷയങ്ങളൊന്നും സഭയിൽ പരിഗണിക്കാനാവുന്നില്ലെന്നും, കൃഷിമന്ത്രി സഭയിലുണ്ട് - രാജ്യത്ത് വരൾച്ചയാണ്- നമുക്ക് അക്കാര്യം ചർച്ച ചെയ്യാമെന്നും വരെ ഇവരും പറഞ്ഞുനോക്കിയത്രെ!

ആരാദ്യം മാമ്പഴം കൈക്കലാക്കുന്നു എന്നു നോക്കി മിടുക്കു നിർണ്ണയിച്ച നമുക്ക് ഇതൊക്കെ ഒരു പുതുമയാണോ? നാമെല്ലാം നമുക്കു കിട്ടേണ്ടതും കിട്ടാനുള്ളതും ചിന്തിച്ചു നടക്കുന്നവരാണ്. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാൻ ആർക്കുണ്ട് നേരം?

ജന്മം തൊട്ടേ നാം കാണുന്നതും കേൾക്കുന്നതും ചിന്തിച്ചതും ശീലിച്ചതും ഇതൊക്കെയാണ്: എങ്ങനെ കൂടുതൽ നേടാം? എങ്ങനെ മറ്റുള്ളവരേക്കാൾ കേമന്മാരാകാം? മറ്റുള്ളവർക്ക് അവകാശപ്പെട്ടതായാലും എങ്ങനെ അത് സ്വന്തം കയ്യിലെത്തിക്കാം?

ഇങ്ങനെ നോക്കിയാൽ പെട്രോൾ പമ്പുകൾ എന്ന ദൗർബല്യം ഒരു വലിയ ശരിയാണെന്നു കാണാം.

ഇതൊക്കെ കേൾക്കുമ്പോൾ ചിലരെങ്കിലും ചോദിക്കുന്നത് ഭരിക്കുന്നവർ ആരായാലും മുഖം നോക്കാതെ നിഷ്പക്ഷത പുലർത്തേണ്ടതല്ലേ എന്നാവും. എന്നാൽ, വർഷങ്ങൾ മുമ്പ് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച മഹാത്മാവിനു ശേഷം അങ്ങനെയൊരാൾ ഇതു വരെയും ജനിച്ചില്ലല്ലോ-